"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് -"WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths and Chengannur Municipality - Cheriyanad Panchayath - Supplying and Laying Clear Water Gravity main from OHSR (R6) at Pennukkara to OHSR (R11) at Thuruthimel 250mm DI K9 - 3600m) & construction of 3.65LL capacity OHSR (R11) at Thuruthimel - Pipeline work" എന്ന ജൽ ജീവൻ മിഷൻ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.30/2025/WRD തീയതി,തിരുവനന്തപുരം, 03-05-2025

---

പരാമർശം:-
1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017
3. സ.ഉ (സാധ) നം. 897/2023/ജ.വി.വ തീയതി 26.10.2023
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 23/12/2024 തീയതിയിലെ KWA-JB/9015/2024/AE14 നമ്പർ കത്ത്

**ഉത്തരവ്**

"ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതി"- യ്ക്ക് ജല ജീവൻ മിഷന്റെ കീഴിൽ പരാമർശം (3) പ്രകാരം 206 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. "JJM - WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths and Chengannur Municipality - Cheriyanad Panchayath - Supplying and Laying Clear Water Gravity main from OHSR (R6) at Pennukkara to OHSR (R11) at Thuruthimel 250mm DI K9 - 3600m) & construction of 3.65LL capacity OHSR (R11) at Thuruthimel - Pipeline work" എന്ന പ്രവൃത്തിയ്ക്ക് കേരള വാട്ടർ അതോറിറ്റി 4.35 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയ്ക്ക് ആറ് തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കുടുക്കാത്തതിനെ തുർന്ന് പ്രസ്തുത ദർഘാസുകളെല്ലാം തന്നെ റദ്ദാക്കുകയാണുണ്ടായത്. തുടർന്ന് പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുനർനിർണയിക്കുകയും 4.74 കോടി രൂപയ്ക്ക് കേരള വാട്ടർ അതോറിറ്റി 19.11.2023 ൽ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. ആദ്യ ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കുകയും, 4,01,58,558/- രൂപ TPAC ആയി വ്യാപകമായ പ്രചാരണത്തോടെ പുന:ദർഘാസ് ക്ഷണിക്കുകയുമുണ്ടായി. പുന:ദർഘാസിൽ "M/s അതുൽ എഞ്ചിനീയറിംഗ്, അക്വാ ബിൽഡിംഗ്, ആനിക്കാട്, ആവോലി. പി.ഒ, മൂവാറ്റുപുഴ" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു.

2) പ്രസ്തുത കരാറുകാരൻ ക്വാട്ട് ചെയ്ത 5,18,44,277.50/- രൂപ ദർഘാസ് തുകയായ 4,01,58,558/- രൂപയേക്കാൾ 29.10% കൂടുതലായിരുന്നു എന്നും, കരാറുകാരനുമായി negotiation നടത്തിയതിനെ തുടർന്ന് കരാറുകാരനിൽ നിന്നും ലഭിച്ച negotiated amount, Tendered PAC-

യേക്കാൾ 27.99% അധികരിച്ച 5,14,00,000/- രൂപയാണെന്നും പരാമർശം (4) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

3) പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും Current DsoR+10% നിരക്കുമായ 4,41,74,414/- രൂപയ്ക്ക് മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

4) ചെറിയനാട് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണെന്നും, നിലവിൽ ചെറിയനാട് പഞ്ചായത്തിലെ ഒ.എച്ച്.എസ്.ആർ- ൽ നിന്നാണ് ശുദ്ധജലം വിതരണം ചെയ്യുന്നതെന്നും, ചെറിയനാട് പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ മാത്രമാണ് ജലവിതരണം നടക്കുന്നതെന്നും, ഈ പഞ്ചായത്തിലെ എല്ലാ വീടുകളിലും ജെ.ജെ.എം വഴി കുടിവെള്ള കണക്ഷൻ നൽകുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഉയർന്ന പ്രദേശങ്ങളിൽ തുരുത്തിമേൽ ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ കുടിവെള്ള വിതരണം സാധ്യമാകൂ. അതിനാൽ, വീണ്ടും ടെൻഡർ ചെയ്താൽ മെച്ചപ്പെട്ട ഓഫർ ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ, സിംഗിൾ ബിഡ്ഡർ ക്വാട്ട് ചെയ്ത തുക പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഈ പ്രവൃത്തി, അഞ്ചു പ്രാവശ്യത്തിൽ കൂടുതൽ ടെണ്ടർ ചെയ്തു കഴിഞ്ഞതാണ്. കൂടാതെ ഒരു വലിയ പ്രവൃത്തി വിഭജിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു ഭാഗിക പ്രവൃത്തിയാണിത്. ഈ പ്രവൃത്തി തടസ്സപ്പെടുന്നത് സ്കീമിന്റെ പ്രവർത്തനത്തിന് തടസ്സമായിതീരും. കൂടാതെ ഈ കേസിൽ ലോക്കൽ മാർക്കറ്റ് റേറ്റുമായി വളരെ ചെറിയ വ്യത്യാസം മാത്രമേ ക്വാട്ട് ചെയ്ത തുക കാണിക്കുന്നുള്ളു എന്നതും, ഈ പ്രദേശത്തെ കുടിവെള്ളത്തിന്റെ കടുത്ത ക്ഷാമവും കണക്കിലെടുക്കേണ്ടതുണ്ടെന്ന് സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

6) പ്രസ്തുത സാഹചര്യത്തിൽ "JJM - WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths and Chengannur Municipality - Cheriyanad Panchayath - Supplying and Laying Clear Water Gravity main from OHSR (R6) at Pennukkara to OHSR (R11) at Thuruthimel 250mm DI K9 - 3600m) & construction of 3.65LL capacity OHSR (R11) at Thuruthimel - Pipeline work" എന്ന പ്രവൃത്തിയ്ക്ക് "M/s അതുൽ എഞ്ചിനീയറിംഗ്, അക്വാ ബിൽഡിംഗ്, ആനിക്കാട്, ആവോലി. പി.ഒ, മൂവാറ്റുപുഴ" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ഏക ദർഘാസ് Tendered PAC യേക്കാൾ 27.99% അധികരിച്ച തുകയായ 5,14,00,000/- രൂപയ്ക്ക് (അഞ്ച് കോടി പതിനാല് ലക്ഷം രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് ( -ലെ ഇനം. 2913 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു- സി1/35/2025-ധന)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 05-05-2025 10:50:17

സെക്ഷൻ ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 30-04-2025

ഫയൽ നം. ഡബ്ല്യു.എസ്.- ബി1/5/2025/ജവിവ. ഇനം നം: 2913

വിഷയം : ജലവിഭവ വകുപ്പ് - "JJM - WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths and Chengannur Municipality - Cheriyanad Panchayath - Supplying and Laying Clear Water Gravity main from OHSR (R6) at Pennukkara to OHSR (R11) at Thuruthimel 250mm DI K9 - 3600m & Construction of 3.65 LL capacity OHSR (R11) at Thuruthimel - Pipeline work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 27.99% അധികരിച്ച 5,14,00,000/- രൂപയ്ക്ക് ടെണ്ടർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

OFFICE OF THE ADDITIONAL CHIEF SECRETARY ... 30 APR 2025 6.35PM

Saarada
ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

2/5/25
S.S

2913

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു എസ്- ബി1/5/2025-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "JJM - WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths and Chengannur Municipality - Cheriyanad Panchayath - Supplying and Laying Clear Water Gravity main from OHSR (R6) at Pennukkara to OHSR (R11) at Thuruthimel 250mm DI K9 - 3600m) & construction of 3.65LL capacity OHSR (R11) at Thuruthimel - Pipeline work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 27.99% അധികരിച്ച 5,14,00,000/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/04/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 10/04/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24/04/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 29/04/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 29/04/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"JJM - WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths and Chengannur Municipality - Cheriyanad Panchayath - Supplying and Laying Clear Water Gravity main from OHSR (R6) at Pennukkara to OHSR (R11) at Thuruthimel 250mm DI K9 - 3600m) & construction of 3.65LL capacity OHSR (R11) at Thuruthimel - Pipeline work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 27.99% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. "ആല, പുലിയൂർ, ബുധനൂർ, പാണ്ടനാട്, മുളക്കുഴ, വെൺമണി പഞ്ചായത്തുകളിലേയ്ക്കും, ചെങ്ങന്നൂർ മുനിസിപ്പാലിറ്റിയിലേയ്ക്കുമുള്ള ജലവിതരണ പദ്ധതി"-യ്ക്ക് ജല ജീവൻ മിഷന്റെ കീഴിൽ 26.10.2023 തീയതിയിലെ സ.ഉ (സാധാ) നം. 897/2023/ജ.വി.വ പ്രകാരം 206 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി 4.35 കോടി രൂപയുടെ സാങ്കേതിക അനുമതി 19.11.2023- ൽ നൽകുകയുണ്ടായി.

3. പ്രസ്തുത പ്രവൃത്തിയ്ക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പി.എച്ച്. സർക്കിൾ, ആലപ്പുഴ ആറ് തവണ ദർഘാസ് ക്ഷണിക്കുകയുണ്ടായി. പക്ഷെ ദർഘാസുകളിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് പ്രസ്തുത ദർഘാസുകളെല്ലാം തന്നെ റദ്ദാക്കുകയാണുണ്ടായത്. അതിനാൽ പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുനർനിർണയിക്കുകയും 4.74 കോടി രൂപയ്ക്ക് 19.07.2024 തീയതിയിൽ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. 22.07.2024 ന് ടെൻഡർ ക്ഷണിക്കുകയും, എന്നാൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കുകയുമുണ്ടായി. തുടർന്ന് 4,01,58,558/- രൂപ TPAC ആയി വ്യാപകമായ പ്രചാരണത്തോടെ റീ-ടെൻഡർ ക്ഷണിച്ചു. പുനഃദർഘാസിൽ "M/s അതുൽ എഞ്ചിനീയറിംഗ്, അക്വാ ബിൽഡിംഗ്,

ആനിക്കാട്, ആവോലി. പി.ഒ, മൂവാറ്റുപുഴ" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു.

4. കരാറുകാരൻ ക്വാട്ട് ചെയ്ത തുക TPAC ആയ 4,01,58,558/- രൂപയേക്കാൾ 29.10% അധികരിച്ച 5,18,44,277.50/- രൂപയാണ്. ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിനായി ടെൻഡറിംഗ് അതോറിറ്റി സിംഗിൾ ബിഡ്ഡറുമായി negotiation നടത്തിയപ്പോൾ, ക്വാട്ട് ചെയ്ത തുക TPAC യേക്കാൾ 27.99% അധികരിച്ച 5,14,00,000/- രൂപയായി കുറയ്ക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. 08.11.2024 ന് ചേർന്ന ടെൻഡർ കമ്മിറ്റി, ടെൻഡർ വിശദമായി വിലയിരുത്തുകയും താഴെപ്പറയുന്ന കാര്യങ്ങൾ നിരീക്ഷിക്കുകയും ചെയ്തു.

Negotiated Quoted Amount - Rs. 5,14,00,000/- (27.99% above TPAC)
TPAC based on LMR - Rs. 5,03,12,946.64/- (25.29% above the TPAC)
Current SoR + 10% - Rs. 4,41,74,414/- (as per PRICE)

5. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, Current DsoR+10% നിരക്കുമായ 4,41,74,414/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകു.

താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| **Negotiated Quoted Amount - Rs. 5,14,00,000/-** | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 4,01,58,558/- | **27.99% Above** |
| Current SoR +10% amount | Rs. 4,41,74,414/- | **16.35% Above** |
| Local Market Rate | Rs. 5,03,12,946.64/- | **2.16 % Above** |

6. ചെറിയനാട് പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലക്ഷാമം രൂക്ഷമാണെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

നിലവിൽ ചെറിയനാട് പഞ്ചായത്തിലെ ഒ.എച്ച്.എസ്.ആർ- ൽ നിന്നാണ് ശുദ്ധജലം വിതരണം ചെയ്യുന്നതെന്നും, ചെറിയനാട് പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളിൽ മാത്രമാണ് ജലവിതരണം നടക്കുന്നതെന്നും, ഈ പഞ്ചായത്തിലെ എല്ലാ വീടുകളിലും ജെ.ജെ.എം. വഴി കുടിവെള്ള കണക്ഷൻ നൽകുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഉയർന്ന പ്രദേശങ്ങളിൽ തുരുത്തിമേൽ ജലസംഭരണിയുടെ നിർമ്മാണം പൂർത്തിയായതിനുശേഷം മാത്രമേ കുടിവെള്ള വിതരണം സാധ്യമാകൂ. അതിനാൽ, വീണ്ടും ടെൻഡർ ചെയ്താൽ മെച്ചപ്പെട്ട ഓഫർ ലഭിക്കാൻ സാധ്യതയില്ലാത്തതിനാൽ, സിംഗിൾ ബിഡ്ഡർ ക്വാട്ട് ചെയ്ത തുക അംഗീകരിക്കാൻ ചീഫ് എഞ്ചിനീയർ (CR) അഭ്യർത്ഥിച്ചിട്ടുള്ളതായും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

7. ഈ സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡറായ "M/s അതുൽ എഞ്ചിനീയറിംഗ്, അക്വാ ബിൽഡിംഗ്, ആനിക്കാട്, ആവോലി. പി.ഒ, മൂവാറ്റുപുഴ" -യ്ക്ക് അദ്ദേഹം ക്വാട്ട് ചെയ്തതും TPAC യേക്കാൾ 27.99% അധികരിച്ചതുമായ 5,14,00,000/- രൂപയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തു.

8. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

9. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:

"AD is informed that the proposal of MD, KWA to award the above work to the single bidder M/s. Athul Engineering, Aqua Building, Anicadu, Avoli P.O, Muvattupuzha at his negotiated quoted amount of Rs, 5,14,00,000/- which is 27.99% above TPAC of Rs. 4,01,58,558/- obtained during the retender of the work after reworking the estimate, is not in accordance with the GO's in force for acceptance of tenders.

However the submissions of MD regarding the urgency of this work seems reasonable,since JJM works & hence in case AD /KWA feel that there will be no change in estimate amount even after reworking the estimate and no scope in getting a better response even on recall of tenders and need for the completion of Jal Jeevan Mission works, then the tender of single bid M/s Athul Engineering, Aqua Building, Anicadu, Avoli P.O, Muvattupuzha at his quoted amount of Rs, 5,14,00,000/- which is 27.99% above TPAC of Rs. 4,01,58,558/ may be placed before Council of Ministers for getting approval, with full justification after making an earnest effort to bring down the quoted rate to LMR PAC.

This has the approval of Hon'ble M(Fin)"

10. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"ഈ കേസ് അഞ്ചു പ്രാവശ്യത്തിൽ കൂടുതൽ ടെണ്ടർ ചെയ്തു കഴിഞ്ഞതാണ്. കൂടാതെ ഒരു വലിയ പ്രവൃത്തി വിഭജിച്ച് തയ്യാറാക്കിയിട്ടുള്ള ഒരു ഭാഗിക പ്രവൃത്തിയാണിത്. ഈ പ്രവൃത്തി തടസ്സപ്പെടുന്നത് സ്കീമിന്റെ പ്രവർത്തനത്തിന് തടസ്സമായിതീരും. കൂടാതെ ഈ കേസിൽ ലോക്കൽ മാർക്കറ്റ് റേറ്റുമായി വളരെ ചെറിയ വ്യത്യാസം മാത്രമേ ക്വാട്ട് ചെയ്ത തുക കാണിക്കുന്നുള്ളു എന്നതിനാലും ഈ പ്രദേശത്തെ കുടിവെള്ളത്തിന്റെ കടുത്ത ക്ഷാമം കണക്കിലെടുത്തുകൊണ്ടും ഇക്കാര്യം ധനവകുപ്പുകൂടി അഭിപ്രായപ്പെട്ട പ്രകാരം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

"JJM - WSS to Ala, Puliyoor, Budhanoor, Pandanad, Mulakkuzha, Venmony Panchayaths and Chengannur Municipality - Cheriyanad Panchayath - Supplying and Laying Clear Water Gravity main from OHSR (R6) at Pennukkara to OHSR (R11) at Thuruthimel 250mm DI K9 - 3600m) & construction of 3.65LL capacity OHSR (R11) at Thuruthimel - Pipeline work" എന്ന പ്രവൃത്തിയ്ക്ക് "M/s അതുൽ എഞ്ചിനീയറിംഗ്, അക്വാ ബിൽഡിംഗ്, ആനിക്കാട്, ആവോലി. പി.ഒ, മൂവാറ്റുപുഴ" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 27.99% അധികരിച്ച തുകയായ 5,14,00,000/- രൂപയ്ക്ക് (അഞ്ച് കോടി പതിനാല് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;